[Mr. P. K. Krishnan Sastri.]

(ബി) ഉണ്ട്. പരാതികൾ ലഭിക്കാറുണ്ട്. അതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിക്കാറും ഉണ്ട്.

MR. P. K. KRISHNAN SASTRI : മുനിസിപ്പാലിറ്റി നിയമനങ്ങൾ പബ്ലിക്കുസർവീസ് രൂം അനുസരിച്ചാണോ നടത്തുന്നത് എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : എല്ലാം അങ്ങനെയാണെന്നു പറയാൻ പാടില്ല.

അവശസമുദായവും ഭൂമിപതിവും.

233. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*) : വിളവങ്കോട്താലൂക്കിൽ, അവശസമുദായക്കാർക്കു സൗജന്യനിരക്കിൽ പതിച്ചു നൽകാൻ ഒഴിച്ചിടപ്പെട്ട സ്ഥലങ്ങളിൽ ഏതെങ്കിലും ഭാഗം ഇതരസമുദായക്കാർക്ക് നൽകി പതിവു നടത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അത് ആർക്കെല്ലാം എന്നും, എത്ര ഏക്കർ, സെൻറ് ഭൂമി യെന്നും പറയാൻ മേവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഇല്ല. അതുകൊണ്ട് രണ്ടാമത്തെ ചോദ്യം ഉദിക്കുന്നില്ല.

MR. T. T. KESAVAN SASTRI : അവിടെ ഇയർമാർക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങളും ഉണ്ടോ?

HON'BLE MR. G. RAMACHNADRAN : അതിനു നോട്ടീസ് വേണം.

Vazhoor-Mutholy Road.

254. MR. P. T. CHACKO (*Kottayam II—General*) : Will the Honourable Minister for Public works be pleased to state :

(*a*) whether the Vazhoor-Mutholy road was maintained in the year 1123;

(*b*) the amount sanctioned for its maintenance? and

(*c*) whether the road is cartable at present?

HON'BLE MR. A. ATCHUTHAN : (*a*) Yes;

(*b*) Rs. 6,203 and

(*c*) Yes.

MR. P. T. CHACKO : ഈ റോഡിൽക്കൂടി ഒരു ബസ്സ് സർവ്വീസ് ഉണ്ടായിരുന്നു എന്നും ഇപ്പോൾ റോഡു ഗതാഗതസൗകര്യം അല്ലാത്തതിനാൽ ആ സർവ്വീസ് ബസ്സ് നിറുത്തൽ ചെയ്യുവാൻ ഇടയായി എന്നും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly